DESPATCHED
04/03/2020

5/02/2020


## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ C.P. No.151(6)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1601/എസ്.ഐ.സി-ജി 5/2018)*

സന്നിഹിതൻ
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| .ശ്രീ.സിദ്ദിഖ്.ടി<br>തോട്ടുങ്ങൽ ഹൗസ്,<br>കുപ്പം ബസാർ<br>കൊമ്പത്തുംകടവ് പി.ഒ<br>പുത്തൻചിറ- 680 682 | പരാതി ഹർജിക്കാരൻ |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ്മിസ്ട്രസ്<br>റ്റി.എച്ച്. എസ്. പുത്തൻചിറ,(സൗത്ത്)<br>തൃശ്ശൂർ.- 680 682 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.10.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.11.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.02.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 19.02.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 04.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. സിദ്ദിഖ് ടി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ 96 രൂപ ഫീസ് ഒടുക്കുന്ന മുറയ്ക്ക് നൽകാമെന്ന് പ്രസ്താവിച്ച പ്രകാരം ടിയാൻ മണി ഓർഡറായി 96 രൂപ നൽകിയെന്നും ആയത് ബന്ധപ്പെട്ട വിവരാവകാശ

ഉദ്യോഗസ്ഥൻ കൈപ്പറ്റിയിട്ടുള്ളതാണെന്നും എന്നാൽ ടിയാന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ടത് സംബന്ധിച്ച് നൽകിയ മറുപടി കമ്മീഷൻ പരിശോധിക്കണമെന്നും സ്റ്റാഫ് കൗൺസിൽ മീറ്റിംഗിന്റെ പകർപ്പ് ആവശ്യപ്പെട്ടെങ്കിലും അത് നൽകിയില്ലായെന്നും ഫീസ് ഒടുക്കിയിട്ടും മേൽപ്പടി ഇനം സംബന്ധിച്ച വിവരം നൽകിയില്ലായെന്നും മേൽപ്പടി ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ടത് രഹസ്യ സ്വഭാവമുള്ളതോ ഒരു വ്യക്തിയെ മാത്രം ബാധിക്കുന്ന വിവരങ്ങളല്ലായെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i) തെക്കുംമുറി ഹൈസ്ക്കൂളിലെ അദ്ധ്യാപകർ 01.06.2017 മുതൽ 25.10.2017 വരെ രേഖപ്പെടുത്തിയ ഹാജർ പുസ്തകത്തിന്റെ പകർപ്പ് നൽകണമെന്നും

ii) മേൽപ്പടി സ്ക്കൂളിലെ അനധ്യാപകർ 01.04.2017 മുതൽ 25.10.2017 വരെ രേഖപ്പെടുത്തിയ ഹാജർ പുസ്തകത്തിന്റെ പകർപ്പു നൽകണമെന്നും

iii) 01.04.017 മുതൽ 25.10.2017 വരെ എത്ര സ്റ്റാഫ് മീറ്റിങ്ങുകൾ മേൽപ്പടി സ്ക്കൂളിൽ നടത്തിയിട്ടുണ്ടെന്നും മേൽപ്പടി സ്റ്റാഫ് മീറ്റിങ്ങ് മിനുട്സിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 4 പ്രധാന ഇനങ്ങളിലും ഉപ ഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി 25.11.2017 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന്റെ ചെലവിലേയ്ക്കായി ഫീസ് ഒടുക്കണമെന്നുമാണ്. 13.12.2017 തീയതി എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1,2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പു നൽകുന്നു എന്നും 3-ാം ഇനത്തിൽ ആവശ്യപ്പെട്ട സ്റ്റാഫ് മീറ്റിങ്ങുകളുടെ മിനുട്സിന്റെ പകർപ്പ് പരസ്യപ്പെടുത്താനാവില്ലെന്നും ആയത് വിവരാവകാശ നിയമത്തിലെ (ഡി)(ജി)(ജെ) വകുപ്പു പ്രകാരം വെളിപ്പെടുത്തേണ്ടതില്ലെന്നും 4-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, അധ്യാപകർ അവധി എടുക്കുമ്പോഴും അല്ലാത്തപ്പോഴും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത് Old Students Association ലെ ബിരുദവും ബി.എഡും ഉള്ള തദ്ദേശവാസികളാണെന്നും അവർ സ്ക്കൂളിലെ ഹെൽപിങ്ങ് ഹാൻഡ്സ് ആകയാൽ ഹർജി

RIGHT TO
INFORMATION

ക്കാരന്റെ അപേക്ഷയിലെ 4 (എ) മുതൽ (ഇ) വരെയുള്ള ചോദ്യങ്ങൾ അപ്രസക്തമാണെന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ അപേക്ഷയിലെ 3-ാം ഇനം സംബന്ധിച്ച് എതിർകക്ഷി നൽകിയിട്ടുള്ള മറുപടിയിലാണ് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നു കാണുന്നു. മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചിട്ടുള്ളതു സംബന്ധിച്ച് എതിർകക്ഷി വിവരാവകാശ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പു സംബന്ധിച്ച് പൂർണ്ണമായ വിവരം നൽകിയിട്ടില്ലെന്നു കാണുന്നു. മേൽപ്പടി വിവരം നിരസിച്ചിട്ടുള്ളത് വിവരാവകാശ നിയമത്തിലെ (ഡി)(ജി)(ജെ) വകുപ്പുകൾ പ്രകാരമാണെന്നാണ് എതിർകക്ഷി ഹർജിക്കാരനെ അറിയിച്ചത്. ആയത് വിവരാവകാശ നിയമത്തിലെ 8(1) (ഡി)(ജി)(ജെ) എന്നീ വകുപ്പുകൾ പ്രകാരമാണെന്ന് വ്യക്തമായി ഹർജിക്കാരനെ അറിയിക്കേണ്ടതായിരുന്നു. അപ്രകാരം തന്നെ ഹർജിക്കാരന് 25.11.2017 തീയതി നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ ഓരോ ഇനവും ചൂണ്ടിക്കാട്ടി ആയതു സംബന്ധിച്ച് ഒടുക്കേണ്ട ഫീസ് എത്രയാണെന്നു വ്യക്തമാക്കേണ്ടതായിരുന്നു. ഓരോ ഇനത്തിലും ആവശ്യപ്പെട്ട രേഖകൾക്ക് എത്ര തുകയാണ് ഫീസായി ഒടുക്കേണ്ടത് എന്നതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 7(3)(എ) വകുപ്പു പ്രകാരം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാളെ ഓർമ്മപ്പെടുത്തുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താത്തത് സ്റ്റാഫ് മീറ്റിങ്ങിൽ സ്ക്കൂളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാണെന്നും അത്തരം ചർച്ചകളിൽ സ്ക്കൂളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും വ്യക്തിഗത വിവരങ്ങളും മറ്റും ചർച്ചാവിധേയമാക്കാറുണ്ടെന്നും ആയത് നൽകേണ്ട പൊതു താത്പര്യം ഹർജിക്കാരന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടില്ലാത്തതിനാലാണ് അത്തരം മിനുട്സിന്റെ പകർപ്പ് നൽകാത്തത് എന്നും കാണുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി നൽകിയിട്ടുള്ള മറുപടി വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതാണെന്നു കാണുന്നു.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, പരാമർശിത കാലയളവിലെ സ്ക്കൂളിലെ പ്രധാന അദ്ധ്യപിക വിവരം നൽകാത്തതു സംബന്ധി

RIGHT TO INFORMATION

ച്ചാണ് ടിയാന്റെ ആക്ഷേപമെന്നും അതിന് മേൽപ്പടി അദ്ധ്യാപിക തന്നെയാണ് കമ്മീഷൻ മുമ്പാകെ ഹാജരായി വിശദീകരണം നൽകേണ്ടതെന്നുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ പ്രധാന അദ്ധ്യാപിക ബോധിപ്പിച്ചത്, ഹർജിക്കാരൻ നിരവധിയായുള്ള വിവരാവകാശ അപേക്ഷകൾ നൽകി മേൽപ്പടി സ്ക്കൂളിന്റെ സുഗമമായ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു എന്നാണ്. കമ്മീഷൻ വിവരാവകാശ നിയമ പ്രകാരം ഹിയറിങ്ങ് നടത്തുന്ന അവസരത്തിൽ നിലവിലെ SPIO യോടാണ് ഹിയറിങ്ങിൽ ഹാജരാകുവാൻ നിർദ്ദേശിക്കുന്നത്. കാരണം ബന്ധപ്പെട്ട രേഖകളും ഫയലുകളും നിലവിലെ SPIO യുടെ കൈവശമാണുള്ളത് . എന്നാൽ പരാമർശിത കാലയളവിലെ SPIO യുടെ ഭാഗത്തു നിന്നും വിവരാവകാശ നിയമ പ്രകാരം എന്തെങ്കിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് കമ്മീഷന് പ്രഥമ ദൃഷ്ട്യാ ബോധ്യമാവുകയാണെങ്കിൽ ബന്ധപ്പെട്ട SPIO യിൽ നിന്നും വിശദീകരണം തേടി കമ്മീഷൻ യുക്തമായ നടപടികൾ നിയമ പ്രകാരം സ്വീകരിച്ചു വരുകയാണ് ചെയ്യുന്നതെന്ന് ഹർജിക്കാരനെ അറിയിക്കുന്നു. വിവരാവകാശ നിയമ പ്രകാരം വിവരം തേടുന്നത് വ്യക്തി വിരോധം വച്ചാകരുതെന്നും ഹർജിക്കാരനോ, സമൂഹത്തിനോ പ്രയോജനകരമാകുന്ന വിവരങ്ങളാണ് തേടേണ്ടതെന്നും കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു. പരാമർശിത സ്ക്കൂളിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ അപേക്ഷകൾ നൽകുന്ന സാഹചര്യത്തിലും അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുക എന്നത് മേൽപ്പടി സ്ഥാപനത്തിന്റെ സാധാരണയായുള്ള പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിലും അപേക്ഷകനോട് ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന് അറിയിക്കാവുന്നതാണെന്നും എളുപ്പത്തിൽ ശേഖരിച്ച് നൽകാവുന്ന വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകേണ്ടതുമാണെന്ന് കമ്മീഷൻ എതിർകക്ഷിയെ ഓർമ്മപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**വിൻസൻഎം.പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION